REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്നലെ നടന്ന അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 60.09 ശതമാനം പോളിംഗ്. ആറാം ഘട്ട വോട്ടെടുപ്പിന്റെ പ്രചാരണം മറ്റന്നാൾ സമാപിക്കും.
- മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്ത സാക്ഷിത്വ ദിനമായ ഇന്ന് ദേശീയ ഭീകര വിരുദ്ധ ദിനം ആയി ആചരിക്കുന്നു.
- രണ്ടാം പിണറായി ഗവൺമെന്റ് ഇന്ന് നാലാം വർഷത്തിലേക്ക്.
- സംസ്ഥാനത്ത് പ്ലസ് വൺ ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ.
- CPIM നേതാവ് E.P ജയരാജനെ വെടിവെച്ചു കൊല്ലാൻ ശ്രമിച്ചു എന്ന് ആരോപിക്കപ്പെടുന്ന കേസിലെ പ്രതി പട്ടികയിൽ നിന്ന് കോൺഗ്രസ് നേതാവ് കെ സുധാകരനെ ഹൈക്കോടതി ഒഴിവാക്കി. സുപ്രീം കോടതിയെ സമീപിക്കുമെന്ന് ജയരാജൻ.
- IPL ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം . ഒന്നാം ക്വാളിഫയറിൽ വൈകീട്ട് സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**ഇന്നലെ നടന്ന അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 60.09 ശതമാനം പോളിംഗ്.**

ആറ് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഉൾപ്പെട്ട 49 മണ്ഡലങ്ങളിലായിരുന്നു ഇന്നലെ വോട്ടെടുപ്പ്. പോളിംഗ് പൊതുവെ സമാധാന പരമായിരുന്നുവെന്നും കനത്ത ചൂടിലും ജനങ്ങൾ ആവേശത്തോടെ വോട്ടെടുപ്പിൽ പങ്കെടുത്തുവെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ജമ്മു കശ്മീരിലെ ബാരാമുള്ള മണ്ഡലത്തിൽ 35 വർഷത്തെ ചരിത്രത്തിൽ ആദ്യമായി 56.73 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

പശ്ചിമ ബംഗാളിലാണ് ഉയർന്ന പോളിംഗ്- 74.65 ശതമാനം. ലഡാക്കിൽ 69.62 ഉം, ഒഡീഷയിൽ 67.59 ഉം, ജാർഖണ്ഡിൽ 63.07 ഉം, ഉത്തർപ്രദേശിൽ 57.79ഉം, ബീഹാറിൽ 54.85 ഉം, മഹാരാഷ്ട്രയിൽ 54.29 ഉം ശതമാനമായിരുന്നു പോളിംഗ്.

ഇതോടെ 25 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 428 സീറ്റുകളിൽ വോട്ടെടുപ്പ് പൂർത്തിയായി. ആറാംഘട്ടത്തിൽ ഈ മാസം 25-നും ഏഴാംഘട്ടത്തിൽ ജൂൺ ഒന്നിനും വോട്ടെടുപ്പ് നടക്കും. അതോടെ പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകും. അരുണാചൽ പ്രദേശ്, സിക്കിം, ആന്ധ്രാ പ്രദേശ് എന്നിവിടങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളും പൂർത്തിയായി. 147 അംഗ ഒഡീഷ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി 63 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പൂർത്തിയായി. ശേഷിക്കുന്ന 84 മണ്ഡലങ്ങളിൽ 42

മണ്ഡലങ്ങൾ വീതം ഈ മാസം 25 നും അടുത്ത മാസം ഒന്നിനും വോട്ടെടുപ്പ് നടക്കും.

ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ ശേഷിക്കുന്ന രണ്ട് ഘട്ടങ്ങളിലേക്കു പ്രചാരണം സജീവമായി പുരോഗമിക്കുന്നു. ശനിയാഴ്ച്ച വോട്ടെടുപ്പ് നടക്കുന്ന ഡൽഹി ഉൾപ്പടെ സ്ഥലങ്ങളിൽ മറ്റന്നാൾ പരസ്യ പ്രചാരണം അവസാനിക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ടത്തിൽ വോട്ട് രേഖപ്പെടുത്തിയ വോട്ടർമാർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നന്ദി അറിയിച്ചു. ഇൻഡി സഖ്യത്തിന് ഏത് തരം വോട്ടുബാങ്ക് രാഷ്ട്രീയവും പരീക്ഷിക്കാമെന്നും എന്നാൽ, ജനങ്ങൾ അത് വിശ്വസിക്കില്ലെന്നും പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു.

✪✪✪

ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച ഇറാൻ പ്രസിഡന്റ് സയ്യിദ് ഇബ്രാഹിം റഈസി, വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുല്ലഹിയൻ എന്നിവരുടെ വിയോഗത്തിൽ ഇന്ത്യയിൽ ഇന്ന് ഒരു ദിവസത്തെ ഔദ്യോഗിക ദുഖാചരണം . രാജ്യത്തുടനീളം ദേശീയ പതാക പകുതി താഴ്ത്തി കെട്ടുകയും ഔദ്യോഗിക വിനോദ പരിപാടികൾ റദ്ദാക്കുകയും ചെയ്തു.

സയ്യിദ് ഇബ്രാഹിം റൈസി, ഹുസൈൻ അമീർ അബ്ദുല്ലാഹിയൻ എന്നിവരുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കറും അനുശോചനം അറിയിച്ചു. ഇന്ത്യ-ഇറാൻ ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഇരു നേതാക്കളും വഹിച്ച പങ്ക് അവർ അനുസ്മരിച്ചു.

✪✪✪

ഇറാനിൽ ജൂൺ 28 ന് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കും. ഇറാൻ ഇടക്കാല പ്രസിഡന്റ് മുഹമ്മദ് മൊഖ്ബർ, ജുഡീഷ്യറി ചീഫ് ഗുലാംഹുസൈൻ മൊഹ്സെനി-ഇജെയ്, പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബക്കർ ഖാലിബാഫ്എന്നിവർ പങ്കെടുത്ത യോഗത്തിലാണ് തിരഞ്ഞെടുപ്പ് തീയതി തീരുമാനിച്ചതെന്ന് ഔദ്യോഗിക വാർത്താ ഏജൻസി ഇർണ റിപ്പോർട്ട് ചെയ്തു. പ്രസിഡന്റ് ഇബ്രാഹിം റഈസി ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചതിനെ തുടർന്ന് വൈസ്പ്രസിഡന്റ് മുഹമ്മദ് മൊഖ്ബറിനെ ഇടക്കാല പ്രസിഡന്റായി രാജ്യത്തിന്റെ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനി നിയമിച്ചിരുന്നു.

ഇറാന്റെ ഭരണഘടനയനുസരിച്ച് പരമാവധി 50 ദിവസത്തിനുള്ളിൽ പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്യാൻ ഇടക്കാല പ്രസിഡന്റ് ബാധ്യസ്ഥനാണ്. പ്രസിഡന്റ് റഈസിയുടെ ഖബറടക്കം മറ്റന്നാൾ ജന്മനാടായ മഷാദിൽ നടക്കുമെന്നും താൽക്കാലിക പ്രസിഡന്റ് മുഹമ്മദ് മൊഖ്ബർ പറഞ്ഞു.

✪✪✪

പ്രസിഡന്റ് ഇബ്രാഹിം റഈസിയും വിദേശകാര്യമന്ത്രിയും അടക്കം പ്രമുഖർ മരിച്ച ഹെലികോപ്ടർ അപകടത്തെക്കുറിച്ച് ഇറാൻ അന്വേഷണം ആരംഭിച്ചു. ഇറാനിയൻ സായുധ സേനാ മേധാവി മേജർ ജനറൽ മുഹമ്മദ് ബഗേരി ഉന്നത പ്രതിനിധി സംഘത്തെ അന്വേഷണത്തിനായി നിയോഗിച്ചു.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്ത സാക്ഷിത്വ ദിനമായ ഇന്ന് ദേശീയ ഭീകര വിരുദ്ധ ദിനം ആയി ആചരിക്കുന്നു. 1991 മെയ് 21-ന് തമിഴ്നാട് ശ്രീപെരുമ്പുതൂരിലെ ചാവേർ ബോംബാക്രമണത്തിലായിരുന്നു രാജീവ് ഗാന്ധിയുടെ അന്ത്യം. കോൺഗ്രസിന്റെയും പോഷക സംഘടനകളുടെയും നേതൃത്വത്തിൽ രാജ്യാ വ്യാപകമായി ഇന്ന് അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരം KPCC ഓഫീസിൽ രാവിലെ കോൺഗ്രസ് പ്രവർത്തക സമിതിയംഗം A.K ആന്റണി, ദിനാചരണം ഉദ്ഘാടനം ചെയ്യും.

കോഴിക്കോട് DCC-യിൽ അനുസ്മരണ ചടങ്ങിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി ദേശീയോദ്ഗ്രഥന പ്രതിജ്ഞ എടുക്കും.

✪✪✪

രാജീവ് ഗാന്ധിയുടെ 33-ാം ചരമവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു, രാജീവ് ഗാന്ധി അന്ത്യ വിശ്രമം കൊള്ളുന്ന ഡൽഹിയിലെ വീർഭൂമിയിൽ കോൺഗ്രസ് അധ്യക്ഷൻ

മല്ലികാർജ്ജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ ആദരാഞ്ജലി അർപ്പിക്കാനെത്തി.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനം തിരുവനന്തപുരത്ത് KPCC-യുടെ ആഭിമുഖ്യത്തിൽ ആചരിച്ചു. KPCC ആസ്ഥാനത്ത് നടന്ന ദിനാചരണം മുതിർന്ന കോൺഗ്രസ് നേതാവ് A.K ആന്റണി ഉദ്ഘാടനം ചെയ്തു. ദേശീയ രാഷ്ട്രീയത്തിൽ താല്പര്യമില്ലാതിരുന്ന തനിക്ക് അതിന് വഴികാട്ടിയത് രാജീവ് ഗാന്ധി ആയിരുന്നു എന്ന് ആന്റണി അനുസ്മരിച്ചു.

✪✪✪

രണ്ടാം പിണറായി ഗവൺമെന്റ് ഇന്ന് നാലാം വർഷത്തിലേക്ക്. 2021 മെയ് 20 നാണ് പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാം ഇടത് മുന്നണി ഗവൺമെന്റ് അധികാരത്തിൽ എത്തിയത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേരളത്തിന്റെ ഭാവിയ്ക്ക് നിർണായകമായ പല പദ്ധതികളും ആവിഷ്ക്കരിക്കാനും യാഥാർത്ഥ്യമാക്കാനും ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ ആവശ്യപ്പെട്ടു. ബാച്ചുകളുടെ എണ്ണം കൂട്ടാതെ സീറ്റുകളുടെ എണ്ണം മാത്രം വർദ്ധിപ്പിച്ച് രണ്ട് വർഷമായി തുടരുന്ന രീതി

ഹയർ സെക്കന്ററി വിദ്യാഭ്യാസ ത്തിന്റെ ഗുണമേന്മയെ ബാധിച്ചതായി അദ്ദേഹം മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

CPIM നേതാവ് E.P ജയരാജനെ വെടിവെച്ചു കൊല്ലാൻ ശ്രമിച്ചു എന്ന് ആരോപിക്കപ്പെടുന്ന കേസിലെ പ്രതി പട്ടികയിൽ നിന്ന് കോൺഗ്രസ് നേതാവ് കെ സുധാകരനെ ഹൈക്കോടതി ഒഴിവാക്കി. കുറ്റപത്രത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സുധാകരൻ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സിയാദ് റഹ്മാന്റെ ഉത്തരവ്. കേസിലെ പ്രതികളായ മറ്റ് രണ്ടുപേരെ ആന്ധ്രയിലെ വിചാരണ കോടതി അവരെ ശിക്ഷിച്ചെങ്കിലും മേൽ കോടതി കുറ്റവിമുക്തരാക്കിയിരുന്നു. ഇത് ചൂണ്ടിക്കാട്ടി കുറ്റവിമുക്തൻ ആക്കണമെന്ന് ആവശ്യപ്പെട്ട് സുധാകരൻ തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയെ സമീപിച്ചെങ്കിലും ഹർജി കോടതി തള്ളി. ഇതേ തുടർന്നാണ് അദ്ദേഹം ഹൈക്കോടതിയെ സമീപിച്ചത്.

തിരുവനന്തപുരത്ത് താമസിച്ച് ജയരാജനെ വധിക്കാൻ ഗൂഢാലോചന നടത്തി എന്നതാണ് സുധാകരനെതിരായ കേസ്.

✪✪✪

തന്നെ ക്രിമിനലായി ചിത്രീകരിക്കാൻ കെട്ടു കഥയുണ്ടാക്കിയതിനേറ്റ തിരിച്ചടിയാണ് ഹൈക്കോടതി വിധിയെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ പറഞ്ഞു. ഇത് CPIM-നുള്ള തിരിച്ചടിയാണ്. സുപ്രിം കോടതിയെ സമീപിച്ചാൽ അവിടെയും നേരിടുമെന്നും സുധാകരൻ സ്വകാര്യ ചാനലിനോട് പറഞ്ഞു.

✪✪✪

തന്നെ വധിക്കാൻ നടത്തിയ ശ്രമത്തിലെ കേസിൽ കെ,സുധാകരനെ കുറ്റവിമുക്തനാക്കിയതിനെതിരെ നിയമനടപടി തുടരുമെന്ന് ഇപി ജയരാജൻ അറിയിച്ചു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. അപ്പീൽ നൽകാൻ ഗവണ്മെന്റിനോടും ആവശ്യപ്പെടും. കോടതിയിൽ നിന്ന് തിരിച്ചടിയുണ്ടായെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഒന്നാം ക്വാളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം.

നാളെ രണ്ടാം ക്വാളിഫയർ മത്സരത്തിൽ ഇതേ വേദിയിൽ രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

കേരളത്തിൽ നിന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി വിശുദ്ധ ഹജ്ജ് കർമ്മത്തിന് പുറപ്പെട്ട തീർത്ഥാടകരുടെ ആദ്യസംഘം ഇന്ന് പുലർച്ചെ ജിദ്ദയിലെത്തി.

എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ 166 തീർത്ഥാടകരാണ് ഉണ്ടായിരുന്നത്. രണ്ടാമത്തെ വിമാനം ഇന്ന്

പതിനൊന്ന് മണിയോടെ ജിദ്ദയിലെത്തി. 498 ഹാജിമാരാണ് ആദ്യ ദിവസമായ ഇന്ന് കരിപ്പൂരിൽ നിന്ന് യാത്രയാകുന്നത്.

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 17883 പേരാണ് സംസ്ഥാനത്തെ മൂന്ന് എംബാർക്കേഷൻ പോയിന്റുകളായ കൊച്ചി, കോഴിക്കോട്, കണ്ണൂർ വഴി ഈ വർഷം യാത്രയാവുക.

✪✪✪

ദക്ഷിണ കാശിയെന്നറിയപ്പെടുന്ന കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിലെ നെയ്യാട്ടം ഇന്ന്. ഈ ചടങ്ങോടെയാണ് ഉത്സവചടങ്ങുകൾക്ക് തുടക്കമാകുന്നത്.

✪✪✪

പുതിയ അധ്യയന വർഷം ജൂൺ മൂന്നിന് ആരംഭിക്കുന്നതിന് ഫലപ്രദമായി മുന്നൊരുക്കങ്ങൾ നടത്തുന്നതിന് കാസർകോട് ജില്ലയിലെ സ്കൂളുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ...

...........വോയ്സ്..........

✪✪✪

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മോറാൻ മോർ അത്തനാസിയസ് യോഹാൻ ഒന്നാമൻ മെത്രാപ്പോലീത്തയുടെ കബറടക്കം അൽപസമയത്തിനകം. ഔദ്യോഗിക ബഹുമതികളോടെ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

അഡ്മിനിസ്ട്രേറ്റർ സാമുവേൽ മോർ തിയോഫിലോസ് എപ്പിസ്കോപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ നിരണം സെന്റ് തോമസ് ഈസ്റ്റേൺ ചർച്ച് കത്തീഡ്രലിലാണ് ഖബറടക്കം. നടന്നു. മദ്ബഹായോട് ചേർന്ന് ഒരുക്കിയ പ്രത്യേക കബറിൽ മാർപ്പാപ്പാമാരുടെ കബറടക്കം പോലെ കിടത്തിയാണ് കബറടക്കം നടത്തുന്നത്. മൃതദേഹം ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ നിന്നും വിലാപയാത്രയായി സെന്റ് തോമസ് ഈസ്റ്റേൺ ചർച്ചിൽ എത്തിച്ച ശേഷം എട്ടാമത്തെയും അവസാനത്തേതുമായ ചടങ്ങുകൾ നടന്നു.

✪✪✪

സംസ്ഥാനത്ത് അതിതീവ്രമഴ സാധ്യത മുൻനിർത്തി പത്തനംതിട്ട,കോട്ടയം,ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട ജില്ല യിൽനാളെയും ചുവപ്പ് ജാഗ്രതയുണ്ട്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,എറണാകുളം,തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രത തുടരും.

ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കേരള തീരത്തു നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കടലിൽ പോകാൻ പാടില്ലെന്ന് മീൻപിടുത്തക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ശക്തമായ മഴ പെയ്യുന്ന മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ കഴിയുന്നവർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറി

**താമസിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുണ്ടെന്നും അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.**

✪✪✪